സ്ത്രീ സമൂഹത്തിന്റെ മുന്നണിപ്പോരാളി
**മഹിളാവീഥി**
മാഗസിൻ

# പീപ്പിൾസ് റിവ്യൂ

സത്യാന്ന പ്രമദിതവ്യം
Estd : 2007
സത്യത്തിൻ സാക്ഷി ധർമത്തിൻ പാതയിൽ

പ്രവാസത്തിന്റെ പുതിയ അർത്ഥതലങ്ങൾ
**പ്രവാസി റിവ്യൂ**
മാഗസിൻ

2023 ജൂൺ 5 തിങ്കൾ    ptnizar@rediffmail.com    9037319971    www.peoplesreview.co.in

PUBLISHED FROM KOZHIKODE    email: peoplesreviewdaily@gmail.com    Ph. 0495 2769086, 9037319971    P.B. NO. 15    വില: 2 രൂപ


# ഒഡീഷ ട്രെയിൻ ദുരന്തം: ഇനിയും തിരിച്ചറിയാതെ 88 മൃതദേഹങ്ങൾ

## ചിത്രങ്ങൾ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചു

ഭുവനേശ്വർ: കാൽ നൂറ്റാണ്ടിനിടെ രാജ്യം കണ്ട ഏറ്റവും വലിയ ട്രെയിൻ ദുരന്തമായിരുന്നു ഒഡീഷയിലെ ട്രെയിൻ അപകടം. സർക്കാർ റിപ്പോർട്ടുകൾ പ്രകാരം അപകടത്തിൽ 275 പേരാണ് മരണപ്പെട്ടത്. ഇതിൽ 88 മൃതദേഹങ്ങൾ ഇനിയും തിരിച്ചറിഞ്ഞിട്ടില്ല. ഇവരെ തിരിച്ചറിയുന്നതിനായി ചിത്രങ്ങൾ ഒഡിഷ സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചു. ആവശ്യമെങ്കിൽ ഡി.എൻ.എ പരിശോധനയും നടത്താനാണ് തീരുമാനം. അപകടത്തിൽ പരുക്കേറ്റ ആയിരത്തിലേറെപ്പേരിൽ 50 പേരുടെ നില ഇപ്പോഴും ഗുരുതരമാണ്.



പരുക്കേറ്റ് ചികിത്സയിൽ കഴിയുന്നവരുടെ വിവരങ്ങളും ഒഡീഷ സർക്കാർ പ്രസിദ്ധീകരിച്ചിട്ടുണ്ട്.ഒഡിഷ ട്രെയിൻ ദുരന്തത്തിന് കാരണം ഇലക്ട്രോണിക് ഇന്റർ ലോക്കിംഗ് സംവിധാനത്തിലെ പിഴവാണെന്നാണ് റയിൽവേ മന്ത്രി അശ്വിനി വൈഷ്ണവ് വിശദീകരിക്കുന്നത്. ട്രെയിനിന്റെ റൂട്ട് നിശ്ചയിക്കൽ, പോയിന്റ് ഓപ്പറേഷൻ, ട്രാക്ക് നീക്കം അടക്കം സിഗ്നലിംഗുമായി ബന്ധപ്പെട്ട നിർണായക സംവിധാനമാണ് ഇലക്ട്രോണിക് ഇന്റർ ലോക്കിംഗ്. പോയിന്റ് ഓപ്പറേഷനിൽ ഗുരുതര വീഴ്ച സംഭവിച്ചുവെന്ന് സൈറ്റ് ഇൻസ്പെക്ഷൻ റിപ്പോർട്ട് വ്യക്തമാക്കിയിരുന്നു. ഇതിലേക്കാണ് റെയിൽവേ മന്ത്രിയും വിരൽ ചൂണ്ടുന്നത്. അതേ സമയം, പച്ച സിഗ്നൽ കണ്ട ശേഷമാണ് ട്രെയിൻ മുൻപോട്ട് പോയതെന്നാണ് പരുക്കേറ്റ് ചികിത്സയിലുള്ള ലോക്കോ പൈലറ്റിന്റെ മൊഴി.ഷാലിമാർ ചെന്നൈ കോറമണ്ഡൽ എക്സ്പ്രസ് ട്രാക്ക് മാറിയോടിയതാണ് ഇരുനൂറിലേറെ പേരുടെ ദാരുണാന്ത്യത്തിലേക്കും ആയിരക്കണക്കിന് പേരുടെ പരിക്കിനും കാരണമായി ത്തീർന്ന അപകടത്തിലേക്ക് നയിച്ചത്. കോറമണ്ഡൽ എക്സ്പ്രസിന് പ്രധാന പാതയിലൂടെ കടന്നുപോകാൻ ഗ്രീൻ സിഗ്നൽ നൽകിയ ശേഷം അത് പൊടുന്നനെ പിൻവലിക്കപ്പെട്ടുവെന്നാണ് അന്വേഷണ സംഘത്തിന്റെ കണ്ടെത്തൽ. ഇതോടെ പ്രധാന റെയിൽവേ ട്രാക്കിലൂടെ കടന്നുപോകേണ്ടിയിരുന്ന കോറമണ്ഡൽ എക്സ്പ്രസ് 130 കിലോ മീറ്റർ വേഗതയിൽ ലൂപ്പ് ട്രാക്കിലേക്ക് കടന്നു. എന്നാൽ ലൂപ്പ് ട്രാക്കിൽ ചരക്ക് വണ്ടി നിർത്തിയിട്ടിരുന്നു. ഇതിലേക്ക് ഇടിച്ച് കയറിയാണ് അപകടമുണ്ടായത്. ചരക്ക് തീവണ്ടിയുമായുള്ള ഇടിയിൽ കോറമണ്ഡൽ എക്സ്പ്രസിന്റെ 21 ബോഗികൾ പാളംതെറ്റി മറിഞ്ഞു. എൻജിൻ ചരക്ക് തീവണ്ടിക്ക് മുകളിലേക്ക് കയറി. കോറമണ്ഡൽ എക്സ്പ്രസിന്റെ ബോഗികളിൽ മൂന്നെണ്ണം ഈ സമയം തൊട്ടടുത്ത ട്രാക്കിലൂടെ പോവുകയായിരുന്ന ഹൗറ സൂപ്പർ ഫാസ്റ്റിന്റെ അവസാനത്തെ നാല് ബോഗികളിലേക്ക് വീണു. ഈ ആഘാതത്തിലാണ് ഹൗറ സൂപ്പർ ഫാസ്റ്റിന്റെ രണ്ട് ബോഗികൾ പാളംതെറ്റിയത്.



ട്രെയിൻ ദുരന്തമുണ്ടായ ഒഡീഷയിലെ ബാലസോറിൽ ഗതാഗതം പുനഃസ്ഥാപിച്ച് ട്രാക്കിലൂടെ പരീക്ഷണ ഓട്ടം നടത്തിയപ്പോൾ കൈ കൂപ്പുന്ന റെയിൽവേ മന്ത്രി അശ്വിനി വൈഷ്ണവ്

## അപകടമുണ്ടായ ട്രാക്കിൽ ആദ്യ ട്രെയിൻ ഓടി; ബാലസോറിൽ ഗതാഗതം പുനഃസ്ഥാപിച്ച് റെയിൽവേ

ബാലസോർ: രാജ്യത്തെ നടുക്കിയ ട്രെയിൻ ദുരന്തമുണ്ടായ ഒഡീഷയിലെ ബാലസോറിൽ ട്രെയിൻ ഗതാഗതം പുനഃസ്ഥാപിച്ച് റെയിൽവേ. അപടകം നടന്ന് 51 മണിക്കൂറിനുള്ളിലാണ് ഗതാഗതം പുനഃസ്ഥാപിച്ചത്. ട്രാക്കിലൂടെ പരീക്ഷണ ഓട്ടവും നടത്തി. ട്രെയിൻ കടന്നുപോകുന്നതിന്റെ വീഡിയോ റെയിൽവേ മന്ത്രി അശ്വിനി വൈഷ്ണവ് പങ്കുവെച്ചു.

അപകടം നടന്ന രണ്ട് ട്രാക്കുകളും പൂർണമായും പുനഃസ്ഥാപിച്ചു. ട്രാക്ക് പുനസ്ഥാപിക്കാൻ അഹോരാത്രം കഷ്ടപ്പെട്ട റെയിൽവേ തൊഴിലാളികളെയും മേൽനോട്ടം വഹിച്ച ജീവനക്കാരെയും മന്ത്രി അഭിനന്ദിച്ചു.

ട്രാക്ക് ലൈനിങ് പൂർത്തിയായെന്നും ഇലക്ട്രിഫിക്കേഷൻ ജോലികൾ ആരംഭിച്ചതായും മന്ത്രി നേരത്തെ ട്വീറ്റ് ചെയ്തിരുന്നു. ഇതിന് ശേഷം രാത്രിയോടെയാണ് ട്രാക്ക് പരിശോധിക്കുന്ന രണ്ട് ബോഗികളുള്ള ട്രെയിൻ കടത്തിവിട്ട് പരീക്ഷണ ഓട്ടം നടത്തിയത്. രക്ഷാപ്രവർത്തനം അവസാനിച്ച ശനിയാഴ്ച പകൽ മുതൽ ട്രാക്ക് പുന:സ്ഥാപിക്കാനുള്ള പ്രവർത്തനത്തിലായിരുന്നു റെയിൽവേ. അപകടത്തിൽ രണ്ട് മെയിൻ ലൈനുകളും തകർന്നതിനാൽ ഇതുവഴിയുള്ള റെയിൽ ഗതാഗതം പൂർണമായി നിലച്ചിരുന്നു. അപകടത്തിൽപെട്ട തീവണ്ടികളുടെ ബോഗികൾ ട്രാക്കിൽ നിന്ന് നീക്കുന്നതായിരുന്നു ആദ്യ വെല്ലുവിളി. രാത്രിയും പകലും വിശ്രമമില്ലാതെ ജോലിയെടുത്താണ് കുറഞ്ഞ സമയത്തിൽ ട്രാക്ക് റെയിൽവേ പുന:സ്ഥാപിച്ചത്.

## സിനിമാതാരവും മിമിക്രി ആർട്ടിസ്റ്റുമായ കൊല്ലം സുധി വാഹനാപകടത്തിൽ മരിച്ചു

തൃശ്ശൂർ: സിനിമാതാരവും മിമിക്രി ആർട്ടിസ്റ്റുമായ കൊല്ലം സുധി (39) തൃശൂരിലുണ്ടായ വാഹനാപകടത്തിൽ മരിച്ചു. വടകരയിലെ പരിപാടി കഴിഞ്ഞ് മടങ്ങുകയായിരുന്ന കൊല്ലം സുധിയും സംഘവും സഞ്ചരിച്ച വാഹനം തൃശൂർ കയ്പ്പമംഗലം പനമ്പിക്കുന്നിൽ വെച്ച് അപകടത്തിൽ പെടുകയായിരുന്നു. ഇന്ന് പുലർച്ചെ നാലരയോടെയാണ് സംഭവം. കാർ എതിരേ വന്ന പിക്കപ്പുമായി കൂട്ടിയിടിക്കുകയായിരുന്നു. ഗുരുതരമായി



പരുക്കേറ്റ സുധിയെ കൊടുങ്ങല്ലൂർ എ.ആർ ആശുപത്രിയിൽ എത്തിച്ചെങ്കിലും രക്ഷിക്കാനായില്ല. മിമിക്രി ആർട്ടിസ്റ്റുമാരായ ബിനു അടിമാലി, ഉല്ലാസ് അരൂർ, മഹേഷ് എന്നിവർക്ക് പരുക്കേറ്റു. ഇവരെ ആശുപത്രിയിൽ പ്രവേശിപ്പിച്ചു. 2015ൽ കാന്താരി എന്ന സിനിമയിലൂടെയാണ് കൊല്ലം സുധിയുടെ അരങ്ങേറ്റം. ടി.വി ചാനലുകളിലെ കോമഡി പരിപാടികളിൽ നിറസാന്നിധ്യമായിരുന്നു.

## വീണ്ടും തീവണ്ടി അപകടം; ഒഡീഷയിൽ ചരക്ക് തീവണ്ടി പാളം തെറ്റി

ഭുവനേശ്വർ: ഒഡീഷയിൽ വീണ്ടും തീവണ്ടി അപകടം. രാവിലെയോടെയായിരുന്നു സംഭവം. ബർഗഡ് ജില്ലയിൽ വച്ച് ട്രെയിൻ പാളം തെറ്റുകയായിരുന്നു. അപകടത്തിൽ ആളപായമില്ലെന്ന് അധികൃതർ അറിയിച്ചു.

പാറക്കഷ്ണങ്ങളുമായി ദുംഗുരിയിൽ നിന്നും ചരക്കുമായി വരികയായിരുന്ന തീവണ്ടിയാണ് അപകടത്തിൽപെട്ടത്. അപകടത്തിൽ അഞ്ച് ബോഗികൾ മറിഞ്ഞുവീണു. ഇതേ തുടർന്ന് ഇതുവഴിയുള്ള തീവണ്ടി ഗതാഗതം തടസ്സപ്പെട്ടിരിക്കുകയാണ്.

അധികൃതർ എത്തി ട്രാക്കിൽ നിന്നും ബോഗികൾ മാറ്റാനുള്ള നടപടികൾ ആരംഭിച്ചു. മൂന്ന് ദിവസം മുൻപ ബാലസോറിൽ ഉണ്ടായ തീവണ്ടി ദുരന്തത്തിന്റെ ആഘാതത്തിൽ നിന്നും രാജ്യം മുക്തമാകുന്നതിന് മുൻപാണ് വീണ്ടും സംസ്ഥാനത്ത് തീവണ്ടി അപകടം ഉണ്ടായത്.

ബാലസോറിലുണ്ടായ അപകടത്തിൽ 275 പേർക്കാണ് ഇതുവരെ ജീവൻ നഷ്ടമായത്. ആയിരത്തിലധികം പേർക്ക് പരുക്കേൽക്കുകയും ചെയ്തിരുന്നു.



ഒഡീഷയിലെ ബർഗഡ് ജില്ലയിൽ ചരക്ക് തീവണ്ടി പാളം തെറ്റിയപ്പോൾ

## 'ബ്രിജ് ഭൂഷണിനെതിരേ നടപടിയെടുക്കണം'; അമിത്ഷായുമായി കൂടിക്കാഴ്ച നടത്തി ഗുസ്തി താരങ്ങൾ

ന്യൂഡൽഹി: ബി.ജെ.പി എം.പിയും ദേശീയ ഗുസ്തി ഫെഡറേഷൻ അധ്യക്ഷനുമായ ബ്രിജ് ഭൂഷൺ ശരൺ സിങ്ങിനെതിരേ നടപടിയെടുക്കണമെന്ന് ആവശ്യപ്പെട്ട് ഗുസ്തിതാരങ്ങൾ കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷായുമായി കൂടിക്കാഴ്ച നടത്തി. അമിത് ഷായുമായി കൂടിക്കാഴ്ച നടത്തിയ കാര്യം ബജ്റംഗ് പുനിയ സ്ഥിരീകരിച്ചു. ശനിയാഴ്ച രാത്രി 11 മണിക്ക് ആരംഭിച്ച കൂടിക്കാഴ്ച ഒരു മണിക്കൂറിലധികം നീണ്ടുനിന്നു. ബജ്റംഗ് പുനിയ, സാക്ഷി മാലിക്, സംഗീത ഫോഗട്ട്, സത്യവർധ് കഡിയാൻ എന്നിവരാണ് അമിത് ഷായെ കണ്ടത്.ബ്രിജ് ഭൂഷൺ ശരൺ സിങ്ങിനെതിരേ നിഷ്പക്ഷമായ അന്വേഷണവും ദ്രുതനടപടിയും വേണമെന്ന് താരങ്ങൾ ആവശ്യപ്പെട്ടു.

പ്രായപൂർത്തിയാകാത്ത ഒരാൾ ഉൾപ്പെടെ ഏഴ് വനിതാ ഗുസ്തി താരങ്ങൾ ലൈംഗിക പീഡനാരോപണം ഉന്നയിച്ച ബ്രിജ് ഭൂഷണിനെതിരെ നടപടിയെടുക്കണമെന്ന് ആവശ്യപ്പെട്ട് ഗുസ്തി താരങ്ങൾ നൽകിയ അന്ത്യശാസനം ശനിയാഴ്ച അവസാനിച്ച സാഹചര്യത്തിലാണ് ഗുസ്തി താരങ്ങൾ അമിത് ഷായെ കണ്ടത്.

നിയമം എല്ലാവർക്കും ഒരുപോലെയാണെന്നും നീതി ഉറപ്പാക്കുമെന്നും അമിത് ഷാ പറഞ്ഞതായി ഗുസ്തി താരങ്ങൾ വ്യക്തമാക്കി.ഗുസ്തി ഫെഡറേഷൻ അധ്യക്ഷനെതിരായ പ്രതിഷേധം കേന്ദ്ര സർക്കാർ അവഗണിച്ച സാഹചര്യത്തിൽ മെഡലുകൾ ഹരിദ്വാറിലെ ഗംഗാ നദിയിൽ ഒഴുക്കികളയുമെന്ന് ഗുസ്തി താരങ്ങൾ അറിയിച്ചിരുന്നു. പിന്നീട് കർഷക സംഘടനാ നേതാക്കളുടെ ഇടപെടലിനെ തുടർന്ന് തീരുമാനത്തിൽ നിന്ന് താൽക്കാലികമായി പിന്മാറി. പുതിയ പാർലമെന്റ് മന്ദിരം ഉദ്ഘാടന ദിവസം ഗുസ്തി താരങ്ങൾ നടത്തിയ പ്രതിഷേധ മാർച്ചിനെതിരേ പോലിസ് കടുത്ത നടപടി സ്വീകരിച്ചിരുന്നു. വിനേഷ് ഫോഗട്ടിനെയും സംഗീത ഫോഗട്ടിനെയും സാക്ഷി മാലിക്കിനെയും ഉൾപ്പെടെ പോലിസ് നിരത്തിലൂടെ വലിച്ചിഴച്ചത് വലിയ ജനരോഷത്തിന് കാരണമായിരുന്നു. തുടർന്ന് ജന്തർ മന്തറിലെ സമരസ്ഥലം അടച്ച പോലിസ്, ഇന്ത്യാ ഗേറ്റിലും പ്രതിഷേധിക്കാൻ വിലക്കേർപ്പെടുത്തി.

## മയക്കുവെടിവെച്ച് പിടികൂടിയ അരിക്കൊമ്പൻ വെള്ളിമലയിലേക്ക്

കമ്പം: മയക്കുവെടിവെച്ച് പിടികൂടിയ അരിക്കൊമ്പനെ കുങ്കിയാനകളുടെ സഹായത്തോടെ ആനിമൽ ആംബുലൻസിലേക്ക് മാറ്റി. വെള്ളിമലയിലേക്കാണ് ആനയെ കൊണ്ടുപോകുന്നത്. മൂന്ന് കുങ്കിയാനകളെ ഉപയോഗിച്ചാണ് ആനയെ ലോറിയിലേക്ക് കയറ്റിയത്.

അതിന് ശേഷം ബൂസ്റ്റർ ഡോസും നൽകിയ ശേഷമാണ് ആനയുടെ കാലുകൾ വടം ഉയോഗിച്ച് ബന്ധിച്ചത്. അസാമാന്യവലിപ്പമുള്ള ആന ഉണരാൻ സാധ്യതയുള്ളതിനാലാണ് വീണ്ടും ബൂസ്റ്റർ ഡോസ് നൽകിയത്. അരിക്കൊമ്പൻ കാടിറങ്ങിയെത്തിയതോടെ തമിഴ്നാട് സർക്കാർ മയക്കുവെടിവെച്ച് പിടികൂടുകയായിരുന്നു. പുലർച്ചെ പന്ത്രണ്ടരയോടെയാണ് ആനയെ മയക്കുവെടിവെച്ചത്. ആനയുടെ ആരോഗ്യസ്ഥിതി മെച്ചപ്പെട്ടിട്ടുണ്ട്. എന്നാൽ തുമ്പികൈയിലേറ്റ മുറിവ് ഗുരുതരമാണോയെന്ന് പരിശോധിക്കും. ഏതെങ്കിലും രീതിയിൽ ചികിത്സ നൽകേണ്ടതുണ്ടോയെന്നും പരിശോധിച്ച് തീരുമാനിക്കും. അതിന് ശേഷമായിരിക്കും ഉൾവനത്തിലേക്ക് കയറ്റിവിടുക.



കമ്പത്ത് മയക്കുവെടിവെച്ച് പിടികൂടിയ അരിക്കൊമ്പനെ വെള്ളിമലയിലേക്ക് കൊണ്ടുപോകുന്നു

## പ്രതിസന്ധി ഘട്ടത്തിൽ രാജ്യത്തെ നയിച്ചു; ജസീന്ത ആഡണിന് പരമോന്നത ബഹുമതി നൽകി ന്യൂസിലാൻഡ്

വെല്ലിങ്ടൺ: ന്യൂസിലാന്റ് മുൻ പ്രധാനമന്ത്രി ജസീന്ത ആഡണിന് പരമോന്നത ബഹുമതി നൽകി രാജ്യം. രാജ്യത്തിന്റെ പ്രതിസന്ധി ഘട്ടത്തിൽ മികച്ച രീതിയിൽ രാജ്യത്ത് കാഴ്ചവച്ച ഭരണമികവിനാണ് ജസീന്ത ആഡനെ രാജ്യം ആദരിച്ചത്. കൊവിഡ്-19 മഹാമാരികാലം, ക്രൈസ്റ്റ് ചർച്ച് ഭീകരാക്രമണം തുടങ്ങിയ പ്രതിസന്ധികൾ ജസീന്തയുടെ ഭരണഘട്ടത്തിൽ രാജ്യത്ത് നേരിടേണ്ടി വന്നിട്ടുണ്ട്.കഴിഞ്ഞ അഞ്ചു വർഷത്തിനുള്ളിൽ ഒരു രാഷ്ട്രമെന്ന നിലയിൽ നേരിട്ട പ്രതിസന്ധികൾ ഞാൻ എന്ന ചിന്തയിൽ നിന്ന് നമ്മൾ എന്ന ബോധത്തിലേക്ക് എല്ലാവരെയും എത്തിച്ചു. ബഹുമതി സ്വീകരിച്ചുകൊണ്ട് ആഡൻ പ്രതികരിച്ചു. രാജ്യത്തിന്റെ ആദരവിന് നന്ദി പറയുന്നതിനൊപ്പം നിരന്തരം പ്രോത്സാഹിപ്പിച്ച കുടുംബാംഗങ്ങളോടും സഹപ്രവർത്തകരോടും നന്ദി പറയുകയായിരുന്നു അവർ.



മുൻ പ്രധാനമന്ത്രിയുടെ ഭരണകാലം ദേശീയ-അന്തർദേശീയ പ്രതിസന്ധികളുടെ കാലഘട്ടമായിരുന്നുവെന്നും ഈ വെല്ലുവിളികളുടെ സമയത്തും രാജ്യത്തെ നയിച്ചത് ആഡന്റെ മികച്ച നേതൃത്വമാണെന്നും പ്രധാനമന്ത്രി ക്രിസ് ഹിപ്കിൻസ് പറഞ്ഞു. കൂടാതെ ക്രൈസ്റ്റ് ചർച്ചിലുണ്ടായ വെടിവെയ്പ്പും മഹാമാരിയും വെല്ലുവിളി സൃഷ്ടിച്ചപ്പോഴും ജസീന്ത ആഡൻ പതറാതെ രാജ്യത്തെ നയിച്ചു. പിന്നീട് രാജ്യം നേടിയ ഉയർന്ന വാക്സിനേഷൻ നിരക്കും ലോകത്തിലെ തന്നെ ഏറ്റവും കുറഞ്ഞ കൊവിഡ് മരണനിരക്കുമൊക്കെ ജസീന്ത ആഡനെന്ന ഭരണാധികാരിയുടെ മികവാണെന്നും ക്രിസ് കൂട്ടിച്ചേർത്തു. '2019 ലെ ഭീകരാക്രമണ സമയത്തും കൊവിഡ് -19 മഹാമാരികാലത്തും നമ്മുടെ മുൻ പ്രധാനമന്ത്രിക്ക് കടുത്ത വെല്ലുവിളിയുടെ കാലഘട്ടമായിരുന്നു. ആ സമയത്ത് ന്യൂസിലൻഡിനോടുള്ള അവരുടെ പ്രതിബദ്ധത ഞാൻ നേരിട്ട് കണ്ടു.' എന്നായിരുന്നു പ്രധാനമന്ത്രിയുടെ വാക്കുകൾ.ജനുവരിയിൽ അപ്രതീക്ഷിതമായ രാജിക്ക് ശേഷം പൊതുപരിപാടികളിൽ പങ്കെടുക്കാൻ പൊതുവേ ആഡൻ മടികാണിച്ചിട്ടുണ്ടായിരുന്നു. ഭീകരവാദത്തിനും തീവ്രവാദത്തിനുമെതിരെയുള്ള പ്രവർത്തനത്തിൽ പങ്കാളിയാണിവർ. പാരിസ്ഥിതിക ഇടപെടലുകൾക്ക് അംഗീകാരം നൽകുന്ന വില്യം രാജകുമാരന്റെ എർത്ത്ഷോട്ട് പുരസ്കാര ബോർഡിന്റെ പ്രവർത്തനങ്ങളിലും ആഡൻ സജീവമാണ്. 2017ലാണ് ജസീന്ത ആഡൻ ന്യൂസിലന്റ് പ്രധാനമന്ത്രി സ്ഥാനത്തെത്തുന്നത്. അധികാരമേൽക്കുമ്പോൾ ലോകത്തിലെ തന്നെ ഏറ്റവും പ്രായം കുറഞ്ഞ പ്രധാനമന്ത്രിയായിരുന്നു ജസീന്ത ആഡൻ. 2017ൽ സഖ്യ സർക്കാരിന്റെ പ്രധാനമന്ത്രിയായിരുന്ന ആഡൻ മൂന്നു വർഷത്തിനു ശേഷം തന്റെ കക്ഷിയായ ലേബർ പാർട്ടിയെ വമ്പിച്ച ഭൂരിപക്ഷത്തിലാണ് അധികാരത്തിലെത്തിച്ചത്. എന്നാൽ ഈ വർഷം തുടക്കത്തിൽ കുടുംബത്തിനും കുട്ടികൾക്കുമൊപ്പം സമയം ചെലവിടണമെന്ന കാരണം പറഞ്ഞ് ജസീന്ത പ്രധാനമന്ത്രി സ്ഥാനവും പാർട്ടി നേതൃപദവിയും അപ്രതീക്ഷിതമായി ഒഴിയുകയായിരുന്നു.



വോട്ടിംഗിന് ബാലറ്റ് പേപ്പർ പുനഃസ്ഥാപിക്കണമെന്നാവശ്യപ്പെട്ട് തൃശൂർ നസീർ നടത്തുന്ന പ്രക്ഷോഭ പരിപാടികളുടെ കോഴിക്കോട്ടെ സമാപനയോഗം ഉദ്ഘാടനം ചെയ്ത് സംസാരിക്കുന്ന നവാസ് പൂനൂർ

# ജനാധിപത്യത്തെ അരുംകൊല ചെയ്യുന്ന വോട്ടിംഗ് യന്ത്രം പിൻവലിക്കണം: നവാസ് പൂനൂർ

കോഴിക്കോട്: ജനാധിപത്യത്തെ അരുംകൊല ചെയ്യുന്ന വോട്ടിംഗ് യന്ത്രം പിൻവലിക്കണമെന്ന് മുതിർന്ന മാധ്യമ പ്രവർത്തകൻ നവാസ് പൂനൂർ ആവശ്യപ്പെട്ടു. വോട്ടിംഗിന് ബാലറ്റ് പേപ്പർ പുനഃസ്ഥാപിക്കണമെന്നാവശ്യപ്പെട്ട് തൃശൂർ നസീർ നടത്തുന്ന പ്രക്ഷോഭ പരിപാടികളുടെ കോഴിക്കോട്ടെ സമാപനയോഗം ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം. വോട്ടിംഗ് യന്ത്രം ഏർപ്പെടുത്തിയ അമേരിക്ക, ഇറ്റലി, നെതർലാന്റ് അടക്കമുള്ള രാജ്യങ്ങൾ ബാലറ്റ്സിസ്റ്റത്തിലേക്ക് തിരിച്ച് വന്നിരിക്കുകയാണ്. വോട്ടിംഗ് യന്ത്രത്തെ തുടക്കത്തിൽ എതിർത്ത ബി.ജെ.പി 2014ന് ശേഷം തിരഞ്ഞെടുപ്പിൽ വോട്ടിംഗ് യന്ത്രത്തെ പിന്തുണക്കുന്നതിൽ ദുരൂഹതയുണ്ട്. സാധാരണകാർക്ക് അപ്രാപ്യമായതും ടെക്നോക്രാറ്റുകൾക്ക് മനസിലാകുന്നതുമായ വോട്ടിംഗ് യന്ത്രത്തെ കുറിച്ച് ആ മേഖലയിലുള്ളവർ തന്നെ ആക്ഷേപമുന്നയിക്കുന്നുണ്ട്. ലോകത്തിലെ ഏറ്റവും വലിയ ജനാധിപത്യ രാജ്യമായ ഇന്ത്യയിലെ തെരഞ്ഞെടുപ്പ് പ്രക്രിയ സത്യസന്ധവും സുതാര്യവുമാവാൻ ബാലറ്റ് പേപ്പർ സിസ്റ്റം തിരിച്ചു കൊണ്ടുവരണമെന്ന് അദ്ദേഹം കൂട്ടിച്ചേർത്തു. പീപ്പിൾസ് റിവ്യൂ പത്രാധിപർ പി.ടി. നിസാർ, തൃശൂർ നസീർ എന്നിവർ സംസാരിച്ചു.

# 'പരിസ്ഥിതി സംരക്ഷണം മനുഷ്യ ജീവനുകളുടെ സംരക്ഷണമാകണം'



പ്രവാസി ബന്ധു ഡോ.എസ്. അഹമ്മദ്

**ജൂൺ 5**-ലോക പരിസ്ഥിതി ദിനം ആചരിക്കുകയാണ്. ലോകമെമ്പാടും ആചരണ ശ്രദ്ധ ഉണ്ടെങ്കിലും ഭാരതത്തിൽ പരിസ്ഥിതി സംരക്ഷണത്തിന് ഏറെ ഊന്നൽ നൽകുന്നു. കാരണം ജനങ്ങളുടെ ഭൗതികപരമായ അടിസ്ഥാന സൗകര്യങ്ങളോട് താദാത്മ്യം പ്രാപിച്ച ഒരു ഘടകമാണ് പരിസ്ഥിതിയുടെയും ഘടന. മാലിന്യ കൂമ്പാരങ്ങളും വിവിധങ്ങളായ അന്തരീക്ഷ മലിനീകരണങ്ങളും ജനതയെ ശാരീരികമായി തളർത്തുന്നു. മാറാ രോഗങ്ങൾക്കു വിധേയനാക്കുന്നു. അറിവും വിവേകവും ജന്മനാൽ സ്വവർധിതമായ ഭാരതീയർ മാലിന്യ കൂമ്പാരങ്ങൾ നൽകുന്ന ദുരവസ്ഥകൾ മനസിലാക്കിയിട്ടുണ്ട്.

കേരളീയ പൈതൃക സംസ്കാരത്തിൽ വൃത്തിഹീനതയോടുള്ള പോരാട്ടം അഭിമാനാർഹമാണ്. എന്നാൽ ഇന്നു ശോചനീയവസ്ഥയാണ്. ജനപ്പെരുപ്പമാണ് ഇതിനു കാരണമെന്ന് പറയുന്നത്. ഇത് നേർക്കാഴ്ചയോടെയുള്ള അഭിപ്രായമല്ല. ജനമൈത്രപ്പെരുകിയാലും അടിസ്ഥാന സൗകര്യങ്ങളുടെ വികസനമില്ലെങ്കിൽ പരിസ്ഥിതി സംരക്ഷണമോ, മനുഷ്യ ജീവനെ രക്ഷിക്കാനോ കഴിയില്ല. റോഡിൽ വലിച്ചെറിയപ്പെടുന്ന പാഴ് വസ്തുക്കൾ, വൃത്തിഹീനമായ ശൗചാലയങ്ങൾ, മാലിന്യ പൈപ്പ് ലൈനുകളിൽ നിന്നും പൊട്ടിയൊഴുകുന്ന മാലിന്യങ്ങൾ, പാതയോരങ്ങളിലെ ഓടകൾ നിറയുന്ന പാഴ് വസ്തുക്കൾ, പൊതുസ്ഥലത്തെ മലമൂത്ര വിസർജ്ജനം, തോടുകളും പുഴകളും മാല്യന്യംകൊണ്ട് നിറയുന്നത്, ആശുപത്രികളിൽ വിഷവസ്തുക്കളടങ്ങിയ മാലിന്യ ശേഖരങ്ങൾ ആശുപത്രി വളപ്പിൽ തന്നെ അഗ്നിക്കിരയാക്കുമ്പോൾ ഉണ്ടാകുന്ന ദുരവസ്ഥ, ഇതെല്ലാം ആരും കണ്ടില്ലെന്ന് നടിക്കരുത്.

ശിശുക്കളിൽ തൊലിപ്പുറത്ത് ഉണ്ടാക്കുന്ന രോഗങ്ങൾ, ശ്വാസംമുട്ടൽ, ഉദര രോഗങ്ങളെല്ലാം വിഷപുകയും മാലിന്യങ്ങളുടെ സാമിപ്യവുമല്ലെന്നു ആർക്ക് പറയാൻ കഴിയും. കൊച്ചിയിലെ മാലിന്യ കൂമ്പാരത്തിലെ തീപിടിത്തം മെഡിക്കൽ സർവീസ് ഗോഡൗണുകളിലെ തുടരെ തുടരെയുള്ള അഗ്നിബാധ ഇവയിലൂടെ അന്തരീക്ഷത്തിൽ ലയിക്കപ്പെടുന്ന വിഷപുക വരുത്തി വെയ്ക്കുന്ന ആപത്ത് നാം കാണണം. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വെറും നോക്കുകുത്തികളാകരുത്. വിനോദം, കച്ചവടം, കെട്ടിടം, പരസ്യം തുടങ്ങീ നാനാതുറകളിലൂടെ കോടിക്കണക്കിന് രൂപയുടെ വരവിന്റെ സ്രോതസുള്ള പഞ്ചായത്തുകൾ, മുനിസിപ്പാലിറ്റികൾ, കോർപറേഷനുകൾ പരിസ്ഥിതി സംരക്ഷണ കാര്യത്തിൽ വിട്ടുവീഴ്ചയില്ലാതെ നടപടിയെടുക്കണം. ആധുനിക സംവിധാനങ്ങൾ ഉപയോഗിച്ച് കുറ്റക്കാരെ കണ്ടുപിടിക്കുന്നതിലും സമൂഹമധ്യത്ത് കാണിച്ചു കൊടുക്കുന്നതിലും വൈമുഖ്യതപാടില്ല. കർശന നടപടികളിലൂടെ ഒരു അവബോധം പരിസ്ഥിതി പ്രശ്നത്തിൽ ഉണ്ടാക്കിയെടുക്കണം. തീഷ്ണതയോടെയുള്ള പരീക്ഷണങ്ങൾക്ക് സമയം കളയാതെ സർക്കാരും ജനങ്ങളും അധികാരികളും ഒന്നായി ഒരു മഹാവിപത്തിൽ നിന്നും മാനവകുലത്തെ രക്ഷപ്പെടുത്താൻ ശക്തിയായി ജാഗരൂകരായി യത്നിക്കാൻ തയ്യാറാകണമെന്ന പ്രതിജ്ഞ ലോക പരിസ്ഥിതി ദിനത്തിൽ എടുക്കാം.

# ദർശനം ഗ്രന്ഥശാലയുടെ 'മാലിന്യമുക്ത നവകേരളം' പദ്ധതി ആരംഭിച്ചു

കോഴിക്കോട്: സൊലൂഷൻസ് ടു പ്ലാസ്റ്റിക് പൊലൂഷൻ എന്ന ഈ വർഷത്തെ ലോക പരിസ്ഥിതിദിന വിഷയത്തിന്റെ ഭാഗമായി മാലിന്യമുക്തനവകേരള പദ്ധതിയുടെ സഹകരണത്തോടെ കാളാണ്ടിത്താഴം ദർശനം ഗ്രന്ഥാലയം കെമിക്കൽ എക്സാമിനേഷൻ ലാബ് പരിസരത്തുനിന്ന് 43 ചാക്ക് പ്ലാസ്റ്റിക് മാലിന്യം ശേഖരിച്ചു. ദേശീയ ഹരിത സേന ജില്ലാ കോ-ഓർഡിനേറ്റർ പി.സിദ്ധാർത്ഥൻ പ്ലാസ്റ്റിക് ശേഖരിച്ചു കൊണ്ട് പരിപാടിയുടെ ഉദ്ഘാടനം നിർവഹിച്ചു. ദർശനം ചെയർമാൻ കെ.കുഞ്ഞാലി സഹീർ അധ്യക്ഷത വഹിച്ചു. ടി.കെ സുനിൽകുമാർ , പി ദീപേഷ് കുമാർ , സതീശൻ കൊല്ലറയ്ക്കൽ, എം.എൻ രാജേശ്വരി , സുധ കളംകൊള്ളി, ശശി കലമഠത്തിൽ, എം.കെ സജീവ് കുമാർ , സി.പി ദിൽഷാദ്, ശ്രീധരൻ കമ്മാവിൽ , പി.കെ ശാലിനി, പി.ടി സന്തോഷ് കുമാർ , പൊറ്റമ്മൽ ചന്ദ്രൻ , ഗോപി കൊടമോളി, എം.കെ ശിവദാസ് എന്നിവർ നേതൃത്വം നൽകി. ഇരിങ്ങാടൻ പള്ളി വാക്കേഴ്സ് അസോസിയേഷൻ, വിവിധ സ്വയം സഹായ സംഘങ്ങളെ പ്രതിനിധീകരിച്ച് കാളാണ്ടിത്താഴം പുരുഷ സംഘം, ഭദ്രത, സൗഹൃദം, വിവിധ റസിഡൻസ് അസോസിയേഷനുകളായ സെൻട്രൽ വിരുപ്പിൽ , കനാൽ വ്യൂ, ഗ്രാമിക, പൂങ്കാവനം, പൊൻകതിർ, കാഴ്ച എന്നിവയുടെ പ്രതിനിധികളും ശ്രമദാനത്തിൽ പങ്കാളികളായി. ചണ ചാക്കിൽ ശേഖരിച്ച പ്ലാസ്റ്റിക് മാലിന്യങ്ങൾ 'മാലിന്യമുക്തനവകേരളം പദ്ധതി ' യുടെ ഭാഗമായി ഏറ്റെടുത്തു. 10 ദിവസം നീളുന്ന കർമ്മ പദ്ധതിയിൽ പരിസ്ഥിതി സൗഹൃദ ബദൽ ഉൽപന്നങ്ങളുടെ പ്രദർശനം, വിദ്യാർഥികൾക്ക് മത്സരങ്ങൾ , തുണിസഞ്ചി വിതരണം, ഫല ഔഷധവൃക്ഷ തൈകൾ വച്ചു പിടിപ്പിക്കൽ, മത്സര വിജയികൾക്ക് സമ്മാനവിതരണം തുടങ്ങിയവ നടപ്പാക്കും. ദർശനം ഗ്രന്ഥശാല സെക്രട്ടറി എം.എ ജോൺസൺ സ്വാഗതവും ബാലവേദി മെന്റർ പി.ജസലുദീൻ നന്ദിയും പറഞ്ഞു.



മാലിന്യമുക്ത നവകേരള പദ്ധതിയുടെ സഹകരണത്തോടെ കാളാണ്ടിത്താഴം ദർശനം ഗ്രന്ഥാലയം കെമിക്കൽ എക്സാമിനേഷൻ ലാബ് പരിസരത്തുനിന്ന് 43 ചാക്ക് പ്ലാസ്റ്റിക് മാലിന്യം ശേഖരിച്ചപ്പോൾ



ഉപഭോക്തൃ രംഗത്തെ മികച്ച പ്രവർത്തനത്തിനുള്ള സ്നേഹാദരവ് മുൻമന്ത്രി ജി. സുധാകരനിൽ നിന്നും ജില്ലാ കൺസ്യൂമർ പ്രൊട്ടക്ഷൻ കൗൺസിൽ മെമ്പർ സക്കറിയ പള്ളിക്കണ്ടി ഏറ്റുവാങ്ങുന്നു

# സ്നേഹാദരവ് ഏറ്റുവാങ്ങി

കോഴിക്കോട്: കൺസ്യൂമേഴ്സ് ഫെഡറേഷൻ ഓഫ് കേരള 13ാമത് സംസ്ഥാന സമ്മേളനത്തിൽ ഉപഭോക്തൃ രംഗത്തെ മികച്ച പ്രവർത്തനത്തിനുള്ള സ്നേഹാദരവ് മുൻമന്ത്രി ജി. സുധാകരനിൽ നിന്നും ജില്ലാ കൺസ്യൂമർ പ്രൊട്ടക്ഷൻ കൗൺസിൽ മെമ്പർ സക്കറിയ പള്ളിക്കണ്ടി ഏറ്റുവാങ്ങി. സംസ്ഥാന ചെയർമാൻ ജി. വിജയകുമാരൻ നായർ അധ്യക്ഷത വഹിച്ചു. ഡോ. എം.പി അബ്ദുസ്സമദ് സമദാനി എം.പി ചടങ്ങ് ഉദ്ഘാടനം ചെയ്തു. ജി.സുധാകരൻ, സ്വാഗതസംഘം ചെയർമാൻ പി. അബ്ദുൽ മജീദ്, സംസ്ഥാന ജനറൽ സെക്രട്ടറി സഖറിയാസ് എൻ.സേവ്യർ, ട്രഷറർ എൻ. ഗോപാലകൃഷ്ണൻ, അമ്പലപ്പുഴ ശ്രീകുമാർ എന്നിവർ സംസാരിച്ചു.

# പാലിയേറ്റീവ് കെയർ വാഹനം ഉദ്ഘാടനം ചെയ്തു

ധർമ്മടം: ടെലിച്ചറി സോഷ്യൽ വെൽഫെയർ ട്രസ്റ്റിനു കീഴിൽ പ്രവർത്തിച്ചു വരുന്ന സ്നേഹക്കൂട് എന്ന അനാഥാലയത്തിന്റെ ആവശ്യത്തിനായി ചാത്തുക്കുട്ടി അത്തോളിൽ മെമ്മോറിയൽ ചാരിറ്റബിൾ ട്രെസ്റ്റിന്റെ ചെയർമാൻ വാസു അത്തോളിൽ സംഭാവനയായി നൽകിയ പാലിയേറ്റീവ് കെയർ വാഹനം കെ.സുധാകരൻ എം.പി ഉദ്ഘാടനം ചെയ്തു. തലശ്ശേരിയിലും പരിസര പ്രദേശങ്ങളിലുമുള്ള രോഗികൾക്കിടയിൽ സാന്ത്വന പരിചരണ ഗൃഹസന്ദർശനം നടത്തുവാൻ വേണ്ടിയാണ് വാഹനം ഉപയോഗപ്പെടുത്തുന്നത്.

അതോടൊപ്പം സ്നേഹക്കൂടിന് വേണ്ടി പുതുതായി നിർമിക്കുന്ന മൂന്നു നില മന്ദിരത്തിന്റെ ഒരു നില പണിയാനുള്ള ചെലവും മുൻകൂറായി നൽകിയിട്ടുണ്ട്.ടെലിച്ചറി സോഷ്യൽ വെൽഫെയർ ട്രസ്റ്റിന്റെ ജീവകാരുണ്യ പ്രവർത്തനങ്ങളും സ്നേഹക്കൂട്ടിലെ അന്തേവാസികളായ അമ്മമാരുടെ പരിചരണവും വളരെ മികച്ച രീതിയിലാണെന്നും അവ സമൂഹത്തിന് തികഞ്ഞ മാതൃകയാണെന്നും എം.പി അഭിപ്രായപ്പെട്ടു. ട്രസ്റ്റ് ചെയർമാൻ എം.പി അരവിന്ദാക്ഷൻ അധ്യക്ഷത വഹിച്ച ചടങ്ങിൽ വാസു അത്തോളിൽ, ഡോ. സി.കെ രാജീവൻ നമ്പ്യാർ, മാനേജിങ്ങ് ട്രസ്റ്റി കെ.എസ് ശ്രീനിവാസൻ എന്നിവർ സംസാരിച്ചു. രാജീവ് ഗാന്ധി യൂണിവേഴ്സിറ്റിയിൽ എം.ഡി.എസ് പരീക്ഷയിൽ ഒന്നാം റാങ്കും രാഷ്ട്രപതിയുടെ സ്വർണമെഡലും നേടിയ ഡോ. അഖിന പ്രദീപ്, പോണ്ടിച്ചേരി യൂണിവേഴ്സിറ്റിയിൽ എംകോം പരീക്ഷയിൽ ഉന്നത വിജയം നേടിയ ശുഭശ്രീയ, എസ്.എസ്.എൽ.സിയിൽ ഉന്നത വിജയം നേടിയ കൃഷ്ണ, പ്രനുഷ് രാജ് എന്നിവരെ ആദരിക്കുകയും ഉപഹാരങ്ങൾ നൽകുകയും ചെയ്തു. രാഷ്ട്രീയ, സാംസ്കാരിക, സാമൂഹ്യ സേവന പ്രവർത്തനങ്ങളിൽ മികവു തെളിയിച്ച ധാരാളം പേർ ചടങ്ങിൽ സംബന്ധിക്കുകയുണ്ടായി. ട്രസ്റ്റ് ഡയരക്ടർമാരായ ഐ.എം.എ ചെയർമാൻ ഡോ. ജയകൃഷ്ണൻ, എം.പി അസ്സൈനാർ, നമ്പ്യാർ, ഡോ. ടി.മധുസൂദനൻ, ഡോ. ടി.രമേശൻ, ഡോ. വി.പി ശ്രീജിത്ത്, രവീന്ദ്രൻ മുരിക്കോളി, കുമാരൻ വടക്കുമ്പാട്, പി.കെ വസന്തൻ, പ്രൊഫ. എൻ.എൻ രാമൻ കുട്ടി, പ്രൊഫ. കെ.കുമാരൻ, കെ.കെ സുധാമണി, കെ.അജയകുമാർ, പി. സാദിഖ്, വി. സ്മൈലേഷ് എന്നിവർ പരിപാടികൾക്ക് നേതൃത്വം നൽകി. ട്രസ്റ്റ് വൈസ് ചേയർമാൻ മേജർ പി.ഗോവിന്ദൻ സ്വാഗതവും ട്രഷറർ പി.വി ലക്ഷ്മണൻ നന്ദിയും പറഞ്ഞു. തുടർന്ന് ഏഷ്യാനെറ്റ് സ്റ്റാർ സിംഗർ ഫെയിം ജാൻവിയും ബാബു സ്വാമിക്കുന്നും ഗാനങ്ങൾ അവതരിപ്പിച്ചു.




സ്നേഹക്കൂടിന് വേണ്ടി ചാത്തുക്കുട്ടി അത്തോളിൽ മെമ്മോറിയൽ ചാരിറ്റബിൾ ട്രെസ്റ്റിന്റെ ചെയർമാൻ വാസു അത്തോളിൽ സംഭാവനയായി നൽകിയ പാലിയേറ്റീവ് കെയർ വാഹനത്തിന്റെ ഉദ്ഘാടനം കെ.സുധാകരൻ എം.പി നിർവഹിക്കുന്നു

# കാഴ്ചയുടെ അത്ഭുത വിസ്മയങ്ങൾ പകർന്ന് കക്കാട് ജി.എൽ.പി സ്കൂളിൽ മാജിക് ഷോ അരങ്ങേറി

മുക്കം: കുട്ടികളിലും മുതിർന്നവരിലും കാഴ്ചയുടെ അത്ഭുത വിസ്മയങ്ങൾ പകർന്ന് മാജിക് ഷോ. കക്കാട് ഗവ. എൽ.പി സ്കൂളിലാണ് പ്രവേശനോത്സവത്തിന്റെ രണ്ടാം ദിനത്തിൽ മാജിക്കിന്റെ അത്ഭുത ചെപ്പുതുറന്നത്. കാഴ്ചക്കാരിൽ കൗതുകവും യുക്തിയും ആഹ്ലാദത്തിന്റെ പുത്തൻ അനുഭൂതിയും പകർന്നുള്ള മാജിക് ഷോക്ക് പ്രമുഖ മാന്ത്രികനും സ്റ്റേജ്-തെരുവ് ഷോകളിലൂടെ ശ്രദ്ധേയനുമായ സംസ്ഥാനതല വിസ്മയ അവാർഡ് ജേതാവ് അബ്ദുൽമജീദ് മടവൂർ നേതൃത്വം നൽകി. അറിവും വിനോദവും അത്ഭുതവും ആഹ്ലാദവും ഒരുപോലെ സമ്മാനിച്ച നിമിഷങ്ങളായിരുന്നു മാജിക് ഷോയെന്ന് കുട്ടികൾ സാക്ഷ്യപ്പെടുത്തി. ധനസമ്പാദനത്തിന് അപ്പുറം മാജിക് നമ്മുടെ ബുദ്ധിവികാസത്തിനും മനുഷ്യമനസിന് സന്തോഷവും പകരുന്ന കലയാണെന്ന് മജീഷ്യൻ മജീദ് ഓർമിപ്പിച്ചു. പ്രേക്ഷകരിൽ മിഥ്യാധാരണങ്ങൾ സൃഷ്ടിച്ച് ഞൊടിയിടയിൽ അത്ഭുദവിദ്യകൾ പുറത്തെടുക്കുന്ന മാന്ത്രിക കലയാണിത്. കൈയടക്കവും വേഗതയും അവതരണ വൈഭവവും മാജിക്കിനെ വേറിട്ടുനിർത്തുന്നുവെന്നും അദ്ദേഹം പറഞ്ഞു. മാജിക് കലയിലൂടെ കുട്ടികളുടെ പഠനവും ബുദ്ധിവികാസവും ലക്ഷ്യമിട്ട് പ്രത്യേക പദ്ധതി ആവ്ഷ്കരിക്കുന്നത് പരിഗണിക്കാമെന്നും അദ്ദേഹം ചർച്ചയിൽ സംഘാടകർക്ക് ഉറപ്പുനൽകി. ചടങ്ങിൽ പി.ടി.എ പ്രസിഡന്റ് കെ.സി റിയാസ് അധ്യക്ഷത വഹിച്ചു. സ്കൂൾ പ്രധാനാധ്യാപിക ജാനീസ് ജോസഫ്, പൂർവ വിദ്യാർഥി കൂട്ടായ്മയുടെ ജനറൽസെക്രട്ടറി സലീം മാസ്റ്റർ വലിയപറമ്പ്, സ്കൂൾ സ്റ്റാഫ് സെക്രട്ടറി ജി.ഷംസുദ്ദീൻ മാസ്റ്റർ സംസാരിച്ചു. സ്കൂളിൽ നടന്ന പ്രവേശനോത്സവം വാർഡ് മെമ്പറും കാരശ്ശേരി ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമായ എടത്തിൽ ആമിന ഉദ്ഘാടനം ചെയ്തു. എൽ.കെ.ജിയിലെയും ഒന്നാം ക്ലാസിലെയും മറ്റു സ്കൂളുകളിൽ നിന്ന് വന്ന പുതിയ കുട്ടികൾക്ക് വർണ്ണക്കുടകളും സ്കൂളിലെ മുഴുവൻ വിദ്യാർഥികൾക്കും പഠന ബോക്സുകളും ചടങ്ങിൽ വിതരണം ചെയ്തു. സംസ്ഥാന സ്കൂൾ റിസോഴ്സ് പേഴ്സൺ ഹാഷിദ് മാസ്റ്റർ മാവൂർ, റിട്ട. എച്ച്.എം പി.സാദിഖലി മാസ്റ്റർ എന്നിവർ കുട്ടികളുമായി സംവദിച്ചു. സ്കൂൾ രക്ഷാധികാരി ടി.പി.സി മുഹമ്മദ് ഹാജി, എച്ച്.എം ജാനീസ് ജോസഫ്, പി.ടി.എ പ്രസിഡന്റ് കെ.സി റിയാസ്, എസ്.എം.സി ചെയർമാൻ കെ.ലുഖ്മാനുൽ ഹക്കീം, പൂർവ വിദ്യാർഥി കൂട്ടായ്മ പ്രസിഡന്റ് എടക്കണ്ടി അഹമ്മദ്കുട്ടി, വൈസ് പ്രസിഡന്റ് അജേഷ് സർക്കാർപറമ്പ്, കെ.പി.ആർ സ്മാരക വായനശാല ജനറൽസെക്രട്ടറി മഞ്ചറ അഹമ്മദ്കുട്ടി, കക്കാട് പ്രവാസി കൂട്ടായ്മ കോ-ഓർഡിനേറ്റർ ഫൈസൽ കുയ്യിൽ, സ്കൂൾ സ്റ്റാഫ് സെക്രട്ടറി ഷംസു മാസ്റ്റർ തുടങ്ങിയവർ സംസാരിച്ചു.

പൂർവ വിദ്യാർഥികളുടെ വകയായുള്ള നോട്ടീസ് ബോർഡും ചടങ്ങിൽ സ്കൂളിന് സമർപ്പിച്ചു. ഒന്നാം ക്ലാസിലെ കുട്ടികൾക്കുള്ള കുടകൾ കാരശ്ശേരി ഗ്രാമപഞ്ചായത്തും മറ്റു കുടകളും പഠന ബോക്സുകളും പൂർവ വിദ്യാർഥി കൂട്ടായ്മയുമാണ് സ്പോൺസർ ചെയ്തത്. ചടങ്ങിൽ വിദ്യാർഥികളുടെ കലാപരിപാടികളും അരങ്ങേറി.



കക്കാട് ഗവ. എൽ.പി സ്കൂളിൽ സംസ്ഥാനതല വിസ്മയ അവാർഡ് ജേതാവ് അബ്ദുൽമജീദ് മടവൂരിന്റെ നേതൃത്വത്തിൽ നടന്ന മാജിക് ഷോ

# റബർ കിലോയ്ക്ക് 300 രൂപയായി പ്രഖ്യാപിക്കണം: രാഷ്ട്രീയ ജനതാദൾ

കോട്ടയം: റബർ കിലോയ്ക്ക് 300 രൂപയായി പ്രഖ്യാപിക്കണമെന്ന് രാഷ്ട്രീയ ജനതാദൾ കോട്ടയം ജില്ല കമ്മിറ്റി യോഗം ആവശ്യപ്പെട്ടു. ഒഡിഷയിലെ ട്രെയിൻ അപകടത്തിൽ മരിച്ചവർക്ക് യോഗം ആദരാഞ്ജലികൾ നേർന്നു. റെയിൽവേ അപകടത്തിൽ മരിച്ചവർക്ക് ആദരാഞ്ജലികൾ അർപ്പിച്ചും കുറ്റക്കാരെ ശിക്ഷിക്കണമെന്നും ആവശ്യപ്പെട്ടും രാഷ്ട്രീയ ജനതാദൾ സംസ്ഥാന കമ്മിറ്റിയുടെ ആഹ്വാനപ്രകാരം തെരഞ്ഞെടുത്ത റെയിൽവേ സ്റ്റേഷനുകളിലേക്ക് സംസ്ഥാന വ്യാപകമായി വ്യാഴാഴ്ച( ജൂൺ എട്ടിന്) വൈകീട്ട് മാർച്ചും ധർണയുംനടത്തും. കോട്ടയം ജില്ലയിൽ കോട്ടയം റെയിൽവേ സ്റ്റേഷനിലും ചങ്ങനാശ്ശേരി റെയിൽവേ സ്റ്റേഷനിലും മാർച്ചും ധർണയും നടത്തുവാനും യോഗം തീരുമാനിച്ചു. ഏറ്റുമാനൂർ മണ്ഡലത്തിലെ അതിരമ്പുഴ പി.എച്ച്.സിയിൽ രാത്രികാലങ്ങളിൽ ഡോകൂർമാരുടെ സേവനം അടിയന്തിരമായി അനുവദിക്കണമെന്നും യോഗം സർക്കാരിനോട് ആവശ്യപ്പെട്ടു. വിവിധ ജില്ലാ ഭാരവാഹികൾക്ക് മണ്ഡലം കമ്മിറ്റിയുടെ ചാർജുകൾ വിഭജിച്ചു നൽകി. ജിഷാ വി.നായരെ രാഷ്ട്രീയ മഹിളാ ജനതാദൾ ജില്ലാ പ്രസിഡന്റായി തിരഞ്ഞെടുത്തു. ഏറ്റുമാനൂർ പാലക്കുന്നേൽ ടൂറിസ്റ്റ് ഹോം ഹാളിൽ ചേർന്ന യോഗത്തിൽ രാഷ്ട്രീയ ജനതാദൾ കോട്ടയം ജില്ല പ്രസിഡന്റ് മാന്നാനം സുരേഷ് അധ്യക്ഷത വഹിച്ചു. രാംദാസ് തലയോലപ്പറമ്പ്, ബാബു ചെറിയാൻ, ടോമി ജോസഫ്, അനിൽകുമാർ മൂലക്കുന്നേൽ, സോജൻ ഇല്ലിമൂട്ടിൽ, ഭരത് എബ്രഹാം, പ്രിയൻ ആന്റണി, ഷിഹാബുദ്ദീൻ കാഞ്ഞിരപ്പള്ളി, ജിമ്മി ജേക്കബ്, നിഷാ വി.നായർ പ്രദീപ് ജോസഫ്, അപ്പച്ചൻ കോട്ടയം എന്നിവർ സംസാരിച്ചു.

## സമഗ്ര വിധവ പഠനവുമായി നാദാപുരം ഗ്രാമപഞ്ചായത്ത്

നാദാപുരം: ജനകീയാസൂത്രണ പദ്ധതിയിൽ ഉൾപ്പെടുത്തി നാദാപുരത്തെ 18 വയസു മുതൽ 50 വയസ് വരെയുള്ള വിധവകളുടെ ക്ഷേമത്തിനായി സമഗ്ര പദ്ധതി തയ്യാറാക്കുന്നു. ഇതിന്റെ ഭാഗമായി നാദാപുരം ടി.ഐ.എം.ബി.എഡ് കോളേജിലെ എൻ.എസ്.എസ് യൂണിറ്റുമായി സഹകരിച്ച് വിധവകളുടെ വിവരശേഖരണം വീടുകളിൽ പോയി പ്രത്യേക ഫോറത്തിൽ ശേഖരിച്ച് ലോക വിധവാ ദിനമായ ജൂൺ 23ന് റിപ്പോർട്ട് പ്രസിദ്ധീകരിക്കും സർവേ ആരംഭിക്കുന്നതിന്റെ ഭാഗമായി എൻ.എസ്.എസ് വിദ്യാർഥികളായ എന്യൂമറേറ്റർമാർക്കുള്ള പരിശീലനം ടി.ഐ.എം ബി.എഡ് കോളേജിൽ വെച്ച് നടന്നു. പരിശീലന പരിപാടി പഞ്ചായത്ത് പ്രസിഡന്റ് വി.വി മുഹമ്മദലി ഉദ്ഘാടനം ചെയ്തു. വാർഡ് മെമ്പർ അബ്ബാസ് കണയ്ക്കൽ അധ്യക്ഷതവഹിച്ചു. പഞ്ചായത്ത് സെക്രട്ടറി ടി.ഷാഹുൽ ഹമീദ് സമഗ്ര വിധവാ പദ്ധതിയുടെ രൂപരേഖ അവതരിപ്പിച്ചു. വിമൻ കമ്മ്യൂണിറ്റി ഫെസിലിറ്റേറ്റർ പ്രിൻസിയ ബാനു ബീഗം സർവ്വേ ഫോറം പരിചയപ്പെടുത്തി. കോളേജ് സെക്രട്ടറി വി.സി ഇക്ബാൽ, എൻ.എസ്.എസ് യൂണിറ്റ് പ്രോഗ്രാം ഓഫീസർ ഷെറിൻ മോൾ തോമസ് എന്നിവർ സംസാരിച്ചു. അങ്കണവാടി ടീച്ചർമാരായ സവിത, വത്സല എന്നിവർ പങ്കെടുത്തു. നിലവിൽ 100 വിധവകളുടെ പേര് വിവരം അങ്കണവാടി ടീച്ചർ മുഖേന ശേഖരിച്ചിട്ടുണ്ട്. സർവേയുമായി പദ്ധതിയിൽ ഉൾപ്പെടുത്തിയ പ്രായപരിധിയിൽ ഉൾപ്പെട്ടിട്ടുള്ള വിധവകൾ സഹകരിക്കണമെന്ന് പഞ്ചായത്ത് അഭ്യർഥിച്ചു. വ്യക്തിപരമായ വിവരങ്ങൾ ശേഖരിച്ച് വൈദഗ്ദ്യ പരിശീലനം ഉൾപ്പെടെയുള്ള കാര്യങ്ങൾ പദ്ധതിയിലൂടെ നടപ്പിലാക്കുന്നതാണ്. ഇതിനായി വിശദമായ പദ്ധതി രേഖ സർക്കാരിനും പ്ലാനിങ് ബോർഡിനും സമർപ്പിക്കുന്നതാണ്. സർവേ ഉടൻ ആരംഭിക്കും.

# കളിക്കളങ്ങൾക്ക് മൂല്യവത്തായ സംസ്കാരമുണ്ട്: കെ. ബൈജുനാഥ്

## സാവിത്രി ദേവി സാബു മെമ്മോറിയൽ ബാഡ്മിന്റൺ ടൂർണമെന്റ് ആരംഭിച്ചു

കോഴിക്കോട്: ജയപരാജയങ്ങളെ സമചിത്തതയോടെ കാണാനുള്ള മൂല്യവത്തായ സംസ്കാരം വളർത്തിയെടുക്കുന്ന ഇടമാണ് കളിക്കളങ്ങളാണെന്ന് സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ ജുഡീഷ്യൽ അംഗം കെ.ബൈജു നാഥ് പറഞ്ഞു. ജില്ല ബാഡ്മിന്റൺ അസോസിയേഷന്റെ നേതൃത്വത്തിൽ ഇരുപതാമത് സാവിത്രി ദേവി സാബു മെമ്മോറിയൽ 'യോനെക്സ് സൺറൈസ് കേരള സ്റ്റേറ്റ് ബാഡ്മിന്റൺ റാങ്കിംഗ് പ്രൈസ് മണി ടൂർണമെന്റ്' ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം. ഇന്നത്തെ തലമുറ തോൽവിയെ ഭയക്കുന്നു. തോൽവിയുടെ സൗന്ദര്യം ആസ്വദിക്കാതെ ഒരു



20മത് സാവിത്രി ദേവി സാബു മെമ്മോറിയൽ 'യോനെക്സ് സൺറൈസ് കേരള സ്റ്റേറ്റ് ബാഡ്മിന്റൺ റാങ്കിംഗ് പ്രൈസ് മണി ടൂർണമെന്റ്' ഉദ്ഘാടനം ചെയ്തശേഷം കളിക്കുന്ന മനുഷ്യാവകാശ കമ്മീഷൻ ജുഡീഷ്യൽ അംഗം കെ. ബൈജുനാഥ്

ജയവും ഉണ്ടാകില്ലന്ന് ബൈജു നാഥ് കൂട്ടിച്ചേർത്തു. വി.കെ കൃഷ്ണ മേനോൻ ഇൻഡോർ സ്റ്റേഡിയത്തിൽ നടന്ന ചടങ്ങിൽ ബാഡ്മിന്റൺ അസോസിയേഷൻ ജില്ലാ പ്രസിഡന്റ് സഞ്ജീവ് സാബു അധ്യക്ഷത വഹിച്ചു. കെ.ബി.എസ്.എ മുൻ പ്രസിഡന്റ് എ.വത്സലൻ , ഡോ. എൻ മാധവൻ, മണ്ണാറക്കൽ മാധവൻ, യോനെക്സ് പ്രതിനിധി എം.സത്യജിത്ത് എന്നിവർ സംസാരിച്ചു. ബാഡ്മിന്റൺ അസോസിയേഷൻ ജില്ലാ സെക്രട്ടറി ഇ.ആർ വൈശാഖ് സ്വാഗതവും ട്രഷറർ കെ. ഹരികൃഷ്ണൻ നന്ദിയും പറഞ്ഞു. 14 ജില്ലകളിൽ നിന്നായി 10 ഇനങ്ങളിലായി 500 ഓളം മത്സരാർഥികളാണ് ടൂർണമെന്റിൽ പങ്കെടുക്കുന്നത്. ദിവസവും രാവിലെ എട്ട് മുതൽ രാത്രി 8.30 വരെ ടൂർണമെന്റ് നടക്കും. അണ്ടർ 19 വിഭാഗത്തിലാണ് ആദ്യ രണ്ട് ദിവസങ്ങളിൽ മത്സരം. തിങ്കളാഴ്ച സീനിയർ വിഭാഗം മത്സരിക്കും. എട്ടിനാണ് ഫൈനൽ മത്സരം.


പുന്നോൽ സർവീസ് സഹകരണ ബാങ്കിലെ എ ക്ലാസ് അംഗങ്ങൾക്കുള്ള ചികിത്സാ ധനസഹായം 'അംഗത്വ സമാശ്വാസ നിധി' ഫണ്ട് വിതരണം വി.പി സുധർമ്മ, കെ.വി. രാമകൃഷ്ണന് നൽകുന്നു

# യാത്രയയപ്പും ചികിത്സാ ധനസഹായ വിതരണവും നൽകി

ന്യൂമാഹി: പുന്നോൽ സർവീസ് സഹകരണ ബാങ്കിൽ നിന്നും വിരമിച്ച അസി.സെക്രട്ടറി പി.അനിൽകുമാർ, ബ്രാഞ്ച് മാനേജർ കെ.ജയപ്രകാശൻ എന്നിവർക്ക് ഡയരക്ടർമാരും ജീവനക്കാരും ചേർന്ന് യാത്രയയപ്പ് നൽകി. ബാങ്കിലെ എ ക്ലാസ് അംഗങ്ങൾക്കുള്ള ചികിൽസാ ധനസഹായം അംഗത്വ സമാശ്വാസ നിധി ഫണ്ട് വിതരണം വി.പി സുധർമ്മ, കെ.വി. രാമകൃഷ്ണൻ എന്നിവർക്ക് നൽകി. സംസ്ഥാന സഹകരണ യൂണിയൻ മാനേജിങ്ങ് കമ്മിറ്റി അംഗം കെ.കെ നാരായണൻ ചടങ്ങ് ഉദ്ഘാടനം ചെയ്തു. റബ്കോ ചെയർമാൻ കാരായി രാജൻ മുഖ്യാതിഥിയായിരുന്നു. ബാങ്ക് പ്രസിഡന്റ് കെ.എം രഘുരാമൻ അധ്യക്ഷത വഹിച്ചു. സെക്രട്ടറി കെ.വി സന്തോഷ് കുമാർ, സി.കെ രമേശൻ, വാഴയിൽ ശശി, എം.കെ സെയ്തു, എം.കെ നിഖിൽ, വി.പ്രകാശൻ, ഇ.പ്രമോദ്, അഡ്വ. കെ.സത്യൻ, കെ.കെ രാജേഷ്, എൻ.കെ രാമകൃഷ്ണൻ, കെ.പി രാജൻ, കെ.വി മോഹനൻ, കെ.പി കാഞ്ചന, പി.രാജീവ് കുമാർ സംസാരിച്ചു. പി. അനിൽകുമാർ, കെ.ജയപ്രകാശൻ എന്നിവർ യാത്രയയപ്പിന് നന്ദി പറഞ്ഞു.

# ഷാർജ കേന്ദ്രമാക്കി എക്സ്പാട്രിയേറ്റ്സ് ഇന്ത്യൻ കൾച്ചറൽ കോൺഗ്രസ് രൂപീകരിച്ചു

ഷാർജ: ഷാർജ കേന്ദ്രമാക്കി കോൺഗ്രസ് അനുഭാവികൾ എക്സ്പാട്രിയേറ്റ്സ് ഇന്ത്യൻ കൾച്ചറൽ കോൺഗ്രസ് (ഇ.ഐ.സി.സി) എന്ന സ്നേഹ കൂട്ടായ്മക്ക് രൂപം നൽകി. അഡ്വ. ജോൺ മത്തായി (ചെയർമാൻ) എബ്രഹാം ചാക്കോ (പ്രസിഡന്റ്), ഷാനിഫ് സലാം (ജനറൽ സെക്രട്ടറി), ശ്രീജിത്ത് കീക്കരോത്ത് (ട്രഷറർ), ബിജി തോമസ് (വർക്കിംഗ് പ്രസിഡന്റ്), സാം വർഗീസ്, സാംസൺ സന്തോഷ് (വൈസ് പ്രസിഡന്റുമാർ) യോഹന്നാൻ ജോർജ് ( സെ



എക്സ്പാട്രിയേറ്റ്സ് ഇന്ത്യൻ കൾച്ചറൽ കോൺഗ്രസിന്റെ എംബ്ലവുമായി ഭാരവാഹികൾ

ക്രട്ടറി), തോമസ് മാത്യു, അലക്സാണ്ടർ അച്ചൻകുഞ്ഞ്, ജോബിൻ വി. തോമസ്, സാംസൺ പി. സാം, സാം സഖറിയ (എക്സിക്യൂട്ടീവ് കമ്മറ്റി അംഗങ്ങൾ) എന്നിവരെ ഭാരവാഹികളായി തെരഞ്ഞെടുത്തു. യോഗത്തിൽ അഡ്വ. ജോൺ മത്തായി അധ്യക്ഷത വഹിച്ചു. എബ്രഹാം ചാക്കോ സ്വാഗതവും ഷാനിഫ് സലാം നന്ദിയും പറഞ്ഞു. കൂട്ടായ്മയിലെ അംഗങ്ങൾക്കും കുടുംബാംഗങ്ങൾക്കുമായി വിവിധ വിനോദ,വിജ്ഞാന പരിപാടികൾ നടത്തുവാനും യോഗം തീരുമാനിച്ചു. സംഘടനയുടെ എംബ്ലം രക്ഷാധികാരി, പ്രസിഡണ്ടിന് നൽകികൊണ്ട് യോഗത്തിൽ വച്ച് പ്രകാശനം ചെയ്തു.



സപ്തതി ആഘോഷിക്കുന്ന വനിതാ സംഘം യൂണിറ്റ് സെക്രട്ടറി ലീലാ വിമലേശന് സ്വാമി പ്രേമാനന്ദ ഉപഹാരം നൽകുന്നു

# സാമൂഹിക ഉന്നതിക്ക് വേണ്ടത് ആധ്യാത്മിക അടിത്തറ: സ്വാമി പ്രേമാനന്ദ

കോഴിക്കോട്: സാമൂഹികമായ ഉന്നതിക്ക് ആധ്യാത്മിക അടിത്തറ ആവശ്യമാണെന്നും ശ്രീനാരായണ ഗുരുദേവൻ കാട്ടിത്തന്ന ജീവിത വഴിയിലൂടെ സഞ്ചരിച്ചെങ്കിൽ മാത്രമേ അത് സാധ്യമാവുകയുള്ളൂവെന്നും സ്വാമി പ്രേമാനന്ദ പറഞ്ഞു.

നാമോരോരുത്തരും ഗുരു ധർമ്മപ്രചാരകർ കൂടിയാവണം, അതിനായി ബാലജന യോഗം , യൂത്ത് മൂവ്മെന്റ് , കുടുംബ യൂണിറ്റുകൾ എന്നിവയിലൂടെ ഗുരുധർമ്മ പ്രചാരണ പ്രവർത്തനങ്ങൾ ശക്തമായി നടത്തണമെന്നും വരും തലമുറയെ നാടിന്റെ സമ്പത്തായി മാറ്റിയെടുക്കുവാൻ ഗുരുദേവ കൃതികൾ മനഃപാഠമാക്കിയും ഗുരു സന്ദേശങ്ങൾ മനസ്സിലാക്കിയും നമ്മുടെ മക്കളെ വളർത്തി വലുതാക്കണമെന്നും സ്വാമി പ്രേമാനന്ദ പറഞ്ഞു. അതിന്റെ ഉത്തരവാദിത്വം വനിതാ സംഘം ഏറ്റെടുക്കണമെന്നും സ്വാമി പറഞ്ഞു. എസ്.എൻ.ഡി.പി യോഗം കോഴിക്കോട് യൂണിയൻ സംഘടിപ്പിച്ച നേതൃയോഗത്തിന്റെയും വനിതാ സംഘം യൂണിയൻ സെക്രട്ടറി ലീലാ വിമലേശൻ സപ്തതി സമാചരണത്തിന്റെയും ഉദ്ഘാടനം നിർവഹിച്ച് സംസാരിക്കുകയായിരുന്നു സ്വാമി പ്രേമാനന്ദ .

ഗുരുവരാശ്രമത്തിൽ വെച്ച് നടന്ന ഉദ്ഘാടന സമ്മേളനത്തിൽ എസ്.എൻ.ഡി.പി യോഗം കോഴിക്കോട് യൂണിയൻ പ്രസിഡന്റ് ഷനൂപ് താമരക്കുളം അദ്ധ്യക്ഷത വഹിച്ചു. യോഗം ഡയറക്ടർ ബാബു പൂതമ്പാറ മുഖ്യപ്രഭാഷണം നടത്തി. യൂണിയൻ സെക്രട്ടറി സുധീഷ് കേശവപുരി, യോഗം ഡയറക്ടർ കെ. ബിനുകുമാർ, കോർപ്പറേഷൻ കൗൺസിലർ എൻ. ശിവപ്രസാദ് , യൂണിയൻ വൈസ് പ്രസിഡന്റ് രാജീവ് കുഴിപ്പള്ളി, വി. സുരേന്ദ്രൻ, ഷിബിക.എം, കെ.വി ശോഭ , എന്നിവർ സംസാരിച്ചു. സപ്തതി ആഘോഷിക്കുന്ന വനിതാ സംഘം യൂണിറ്റ് സെക്രട്ടറി ലീലാ വിമലേശന് സ്വാമി പ്രേമാനന്ദ ഉപഹാരവും യൂണിയൻ പ്രസിഡന്റ് ഷനൂപ് താമരക്കുളം പൊന്നാടയും സമർപ്പിച്ചു.

# പ്രൗഢമായി മർകസ് ആത്മീയ സംഗമവും ഹാജിമാർക്കുള്ള യാത്രയയപ്പും

കാരന്തൂർ: മർകസിലെ മാസാന്ത ആത്മീയ സംഗമമായ അഹ്ദലിയ്യയോടനുബന്ധിച്ച് ഏർവാടി ഉറൂസും ഹാജിമാർക്കുള്ള യാത്രയയപ്പും സംഘടിപ്പിച്ചു. കഴിഞ്ഞ ദിവസം വൈകീട്ട് ഏഴിന് കെ.കെ അഹ്മദ് കുട്ടി മുസ്ലിയാർ കട്ടിപ്പാറയുടെ പ്രാർത്ഥനയോടെ ആരംഭിച്ച ആത്മീയ സംഗമം സുൽത്വാനുൽ ഉലമ കാന്തപുരം എ.പി അബൂബക്കർ മുസ്ലി



മർകസ് ആത്മീയ സംഗമവും യാത്രയയപ്പും കാന്തപുരം എ.പി അബൂബക്കർ മുസ്ലിയാർ ഉദ്ഘാടനം ചെയ്ത് സംസാരിക്കുന്നു

യാർ ഉദ്ഘാടനം ചെയ്തു. വി.പി.എം ഫൈസി വില്യാപ്പള്ളി അധ്യക്ഷത വഹിച്ചു.

സൗത്ത് ഇന്ത്യയിലെ പ്രധാന സൂഫി കേന്ദ്രമായ ഏർവാടിയിലെ ശുഹദാക്കളെ അനുസ്മരിച്ച് പൊതുജനങ്ങളും വിദ്യാർഥികളുമടക്കം ആയിരത്തിലധികം പേർ ചടങ്ങിൽ പങ്കെടുത്തു. മുഹ്യിദ്ദീൻ സഅദി കൊട്ടുകര അനുസ്മരണ പ്രഭാഷണം നടത്തി. മഹ്ളറത്തുൽ ബദ്രിയ്യ മജ്ലിസിന് സയ്യിദ് ശിഹാബുദ്ധീൻ അഹ്ദൽ മുത്തനൂർ നേതൃത്വം നൽകി. സയ്യിദ് സൈനുൽ ആബിദീൻ ജീലാനി, വി.ടി അഹ്മദ്കുട്ടി മുസ്ലിയാർ പാഴൂർ, അബ്ദുല്ല സഖാഫി മലയമ്മ, അബ്ദുറഹ്മാൻ സഖാഫി വാണിയമ്പലം, ഹനീഫ സഖാഫി ആനമങ്ങാട്, അബ്ദുൽ ഹകീം സഅദി, ഉസ്മാൻ സഖാഫി വേങ്ങര സംബന്ധിച്ചു.


നാദാപുരം ടൗണിൽ പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് നടത്തിയ ശുചീകരണ പ്രവൃത്തിയിൽ നിന്ന്

# പരിസ്ഥിതി ദിനത്തിൽ നാദാപുരം ക്ലീനായി, അഞ്ചു ടൺ മാലിന്യം നീക്കം ചെയ്ത് കയറ്റിയയച്ചു

നാദാപുരം: ഗ്രാമപഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ നാദാപുരം ടൗണിൽ നടന്ന ശുചീകരണം ജനപങ്കാളിത്തം കൊണ്ടും മാലിന്യ നിർമാർജനം കൊണ്ടും ശ്രദ്ധേയമായി. രാവിലെ ഏഴ് മണിക്ക് ആരംഭിച്ച ശുചീകരണത്തിൽ പഞ്ചായത്ത് പ്രസിഡന്റിന്റെ നേതൃത്വത്തിൽ ജനപ്രതിനിധികളും ഉദ്യോഗസ്ഥരും വ്യാപാരികളും ഹരിത കർമ്മസേന അംഗങ്ങളും തൊഴിലുറപ്പ് തൊഴിലാളികളും പങ്കുചേർന്നു. ശുചീകരിച്ച ഏകദേശം അഞ്ചു ടൺ മാലിന്യം പഞ്ചായത്തിന്റെ നേതൃത്വത്തിൽ കയറ്റി അയക്കുകയും ചെയ്തു. ശുചീകരണ പ്രവർത്തനം പഞ്ചായത്ത് പ്രസിഡന്റ് വി.വി മുഹമ്മദലി ഉദ്ഘാടനം ചെയ്തു. പഞ്ചായത്ത് വൈസ് പ്രസിഡന്റ് അഖില മര്യാട്ട് അധ്യക്ഷത വഹിച്ചു. സ്ഥിരംസമിതി അധ്യക്ഷരായ സി.കെ നാസർ, എം.സി സുബൈർ, ജനീദ ഫിർദൗസ്, പഞ്ചായത്ത് സെക്രട്ടറി ടി. ഷാഹുൽ ഹമീദ്, മെമ്പർമാരായ അബ്ബാസ് കണേക്കൽ, വാസു പുതിയ പറമ്പത്ത്, പി.പി കുഞ്ഞിരാമൻ, നിഷ മനോജ്, സുനിത എടവത്ത് കണ്ടി, എ.കെ ദുബീർ മാസ്റ്റർ, സി.ടി.കെ സമീറ, അസിസ്റ്റന്റ് സെക്രട്ടറി ടി. പ്രേമാനന്ദൻ, ഹെൽത്ത് ഇൻസ്പെക്ടർ കെ. സതീഷ് ബാബു, വ്യാപാരി വ്യവസായി ഏകോപന സമിതി നേതാക്കളായ ഏരത്ത് ഇഖ്ബാൽ , കെ.സയീദ് , ഹാരിസ് മാത്തോട്ടം, സിദ്ദീഖ് കുപ്പേരി ,സിൽവർ സുരേഷ്, റഹീം കോറോത്ത് , ജസീർ കോറോത്ത് എന്നിവർ ശുചീകരണ പ്രവർത്തനത്തിൽ പങ്കാളികളായി. നാദാപുരം ടി.ഐ.എം ഗേൾസ് ഹയർസെക്കൻഡറി സ്കൂൾ എൻ.എസ്.എസ് പ്രോഗ്രാം ഓഫിസർ ലിസ ജയ്സണിന്റെ നേതൃത്വത്തിൽ 50 വിദ്യാർഥിനികളും ശുചീകരണത്തിൽ പങ്കാളികളായി.

# കേരളത്തിലെ ആദ്യ ഗ്രീൻ ക്ലാസ്റൂം രണ്ടാം വർഷത്തിലേക്ക്

തലശ്ശേരി: ഗ്രാമീണ ചാരുത തുളുമ്പുന്ന പുറംകാഴ്ചകളേക്കാൾ മനോഹരമാണ് കരിയാട് നമ്പ്യാർസ് സ്കൂളിലെ അകം കാഴ്ചകൾ. പ്രകൃതിയും മനുഷ്യനും തമ്മിലുള്ള പാരസ്പര്യത്തിന്റെ പരിഛേദമാണ് ഈ വിദ്യാലയത്തിലെ ക്ലാസ് മുറികളിലെ ഹരിത കാഴ്ചകൾ. പൂച്ചട്ടികളിൽ, മുളന്തണ്ടുകളിൽ, തറയിലും, ചുമരുകളിലുമെല്ലാം പൂച്ചെടികളും, പച്ചപടർപ്പുകളും കലാപരമായി ഒതുക്കി വെച്ചിരിക്കുന്നു.

കണ്ണിനും കരളിനും കുളിരേകുന്ന കാഴ്ചകളുടെ പശ്ചാത്തലത്തിൽ ഇരുന്ന് പഠിക്കാൻ സുഖമൊന്ന് വേറെയാണ്. വർണ്ണ പുഷ്പങ്ങളും, കരകൗശല വസ്തുക്കളും, ഹരിത കാന്തിയും, വല്ലാത്തൊരു ശാന്തതയുമെല്ലാം ക്ലാസ്സ് മുറികളെ ശാന്തിനികേതന്റെ അനുഭൂതി തലത്തിലെത്തിക്കുന്നു. കേരളത്തിലെ ആദ്യ ഗ്രീൻ ക്ലാസ്റൂം രണ്ടാം വർഷത്തിലേക്ക് കടക്കുകയാണിപ്പോൾ. കൃത്യമായി പറഞ്ഞാൽ ഒരു വർഷവും ആറു മാസവും മുമ്പാണ് കരിയാട് നമ്പ്യാർസ് സ്കൂളിൽ ഗ്രീൻ ക്ലാസ്റൂമിന്റെ പ്രവർത്തനങ്ങൾ തുടങ്ങുന്നത്.

ഏതൊരു പുതിയ ചിന്ത വരുമ്പോഴും ഉണ്ടാകാവുന്ന പലതരം അഭിപ്രായ പ്രകടനങ്ങളിൽ പെട്ട് വീണുപോവാതെ, ഈ യാത്ര തുടങ്ങിയിട്ട് ഇത്രയുമായി. ഇത് ആരോടുമുള്ള വെല്ലുവിളിയല്ല, മറിച്ച് ഇതുപോലുള്ള ആശയങ്ങൾ സാക്ഷാത്കരിക്കാനുള്ള ഒരു പ്രചോദനംകൂടിയാണ്.

പലകോളേജുകളും സ്കൂളുകളും മറ്റ് സ്ഥാപനങ്ങളും ഈ പദ്ധതി ഏറ്റെടുത്തതിലും ഇത് യാഥാർത്ഥ്യമാക്കാൻ സമീപിച്ചതിലും സ്കൂൾ അധികൃതർ ഏറെ സംതൃപ്തരാണ്.

കേരളത്തിലെ ആദ്യ ഗ്രീൻ ക്ലാസ്റൂമിൽ നിന്ന്. കരിയാട് നമ്പ്യാർസ് സ്കൂളിലാണ് ഈ ക്ലാസ്റൂമുള്ളത്



## കേരളത്തിന്റെ സ്വന്തം ഇന്റർനെറ്റ്

# കെഫോൺ

## കേരള ഫൈബർ ഒപ്റ്റിക് നെറ്റ്‌വർക്ക്

# ജനങ്ങൾക്ക് സമർപ്പിക്കുന്നു



**2023 ജൂൺ 5, തിങ്കൾ, 4.00 PM**
**എൽ.എ. കോംപ്ലക്സ്, തിരുവനന്തപുരം**

ഇന്റർനെറ്റ് മൗലിക അവകാശമായി പ്രഖ്യാപിച്ച ഇന്ത്യയിലെ ഏക സംസ്ഥാനമാണ് കേരളം.

ഇന്റർനെറ്റ് പ്രാപ്യമായവരും അല്ലാത്തവരും എന്ന അന്തരം ഇല്ലാതാക്കുന്നതിനും ഇ-ഗവേണൻസ് സാർവത്രികമാക്കുന്നതിനും സംസ്ഥാനത്തുടനീളം സർക്കാർ സ്ഥാപനങ്ങൾക്കും വീടുകൾക്കും ഇന്റർനെറ്റ് ലഭ്യമാക്കുന്നതിനുമായി വിഭാവനം ചെയ്തിട്ടുള്ള കേരള സർക്കാരിന്റെ പദ്ധതിയാണ് കെഫോൺ.

കെഫോൺ യാഥാർത്ഥ്യമാകുന്നതോടെ ആദ്യഘട്ടത്തിൽ 30,000-ൽപ്പരം സർക്കാർ സ്ഥാപനങ്ങൾക്കും 14,000-ൽപ്പരം സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന വീടുകൾക്കും ഇന്റർനെറ്റ് ലഭ്യമാവുകയാണ്. ***ഇതൊരു തുടക്കം മാത്രം...***

## This is one of the many Real Kerala Stories...

### പ്രധാന സവിശേഷതകൾ

- 20 ലക്ഷം നിർധന കുടുംബങ്ങളിലേക്ക് സൗജന്യ അതിവേഗ ഇന്റർനെറ്റ് കണക്ടിവിറ്റി
- സർക്കാർ ഓഫീസുകളെ കെഫോണുമായി ബന്ധപ്പെടുത്തി കാര്യക്ഷമമായ ഇ-ഗവേണൻസ്
- 10 Mbps മുതൽ 10 Gbps വരെയുള്ള ഡാറ്റ സ്പീഡ്
- നെറ്റ്‌വർക്ക് ഓപ്പറേറ്റിംഗ് സെന്റർ, 375 PoPs, കേരളത്തിലുടനീളം 30,000 കി.മീ. ദൈർഘ്യമുള്ള ഒപ്റ്റിക് ഫൈബർ നെറ്റ്‌വർക്ക്.

### സേവനങ്ങൾ

• സർക്കാർ സ്ഥാപനങ്ങളിലേക്കുള്ള കണക്ടിവിറ്റി • ഡാർക്ക് ഫൈബറിന്റെ ലീസിങ്ങ് • ഇന്റർനെറ്റ് ലീസ്ഡ് ലൈൻ (ILL) • ഫൈബർ ടു ദി ഹോം (FTTH) • വൈഫൈ ഹോട്ട്സ്പോട്ടുകൾ • നെറ്റ്‌വർക്ക് ഓപ്പറേറ്റിംഗ് സെന്ററുകളിലേയും (NOC) പോയിന്റ്സ് ഓഫ് പ്രസൻസിലേയും (PoPs) ആസ്ഥികളുടെ കോ-ലൊക്കേഷൻ • IPTV, OTT, ക്ലൗഡ് ഹോസ്റ്റിംഗ് തുടങ്ങിയവ

**വാണിജ്യാടിസ്ഥാനത്തിലുള്ള കണക്ഷനുകൾ ഉടൻ ആരംഭിക്കുന്നതാണ് !!!**

KFON
INTERNET - A BASIC RIGHT

DEFINING THE FUTURE · EMPOWERING THE FUTURE · KSEB കേരളത്തിന്റെ ഊർജ്ജം · KSITIL Kerala State IT Infrastructure Ltd · G20 2023 INDIA · ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്, കേരള സർക്കാർ


RNI No. 35157/10, Printer and Publisher Edited by: P.T. Nizar, Cheif Editor, Peoples Review, Lynwood (H) Pottangadi Raghavan Road Opp. HP Petrol Pump West Nadakkavu Calicut - 673011, Email: peoplesreviewdaily@gmail.com, Printed at Redstar Printers, Joseph Road, Kozhikode.